**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** | **20-01-2021 - ൽ മറുപടിയ്ക്ക്**

**വൻകിടേതര തുറമുഖങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ. കുഞ്ഞിരാമൻ,<br>ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീ. സി.കെ. ഹരീന്ദ്രൻ ,<br>ശ്രീ. കെ ദാസൻ** | | **Shri .Ramachandran Kadannappalli<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** | |
| (എ) | കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഇൻഡ്യൻ പോർട്സ് ബില്ലിൽ മാരിടൈം പോർട്ട് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ച് സംസ്ഥാന നിയന്ത്രണത്തിലുള്ള വൻകിടേതര തുറമുഖങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യം പരിശോധന വിധേയമാക്കിയിരുന്നോ; | (എ) | പരിശോധിച്ചു. കേന്ദ്രസർക്കാരിനെ നിലപാട് അറിയിച്ചിട്ടുണ്ട്. |
| (ബി) | കരട് നിയമം പഠന വിധേയമാക്കി കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചു. കേന്ദ്രസർക്കാരിനെ നിലപാട് അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനം അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ മേജർ പോർട്ട് (കൊച്ചി) ന്റെ ഭരണം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. Non Major Ports (ചെറുകിട തുറമുഖം) ന്റെ ഭരണ നിർവ്വഹണമാണ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്റർ ആയി വർദ്ധിപ്പിച്ചു. കൊല്ലം, ബേപ്പൂർ |

| | | | |
|---|---|---|---|
| | | | തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ് / റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno - Economic Feasibility Report (TEFR) / Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd (ഐ.പി.ആർ.സി.എൽ) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ